പഞ്ചായത്തു മുഖേന വസ്തു വിലയ്ക്കെടുത്ത് വിതരണം

* 228 [364] ശ്രീ. എൻ. ശക്തൻ നാടാർ:- താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് പഞ്ചായത്തു മുഖേന ഗവൺമെന്റ് വസ്തു വിലയ്ക്കെടുത്ത് ഇപ്പോഴും വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യത്തിന് 1985-86 സാമ്പത്തിക വർഷത്തിൽ ഭൂമി വിലയ്ക്കെടുക്കുന്നതിന് ഓരോ ജില്ലയിലും ചെലവഴിച്ച രൂപ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആവശ്യത്തിനു വാങ്ങുന്ന ഭൂമിയുടെ വിലയിൽ സംസ്ഥാനതലത്തിൽ മൊത്തപരിധി കൽപ്പിച്ചിട്ടുണ്ടോ;

(ഡി) ഏതെങ്കിലും ജില്ലയ്ക്ക് പരിധി കൽപ്പിച്ചിട്ടുണ്ടോ;

(ഇ) ഭൂമിക്ക് ഏറ്റവും വില കൂടുതലുള്ള തിരുവനന്തപുരം ജില്ലയിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ പരിധി പുനർനിർണ്ണയിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുന്ന പദ്ധതിപ്രകാരം പഞ്ചായത്ത് മുഖേന ഗവൺമെന്റ് വസ്തു വിലയ്ക്കെടുത്ത് വിതരണം ചെയ്യുന്നുണ്ട്.

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ ഭൂമി വിലയ്ക്കെടുത്തതിൽ ഓരോ ജില്ലയിലും ചെലവഴിച്ച് തുക ചുവടെ ചേർക്കുന്നു.

ജില്ല	ചെലവഴിച്ച തുക (രൂപ)
തിരുവനന്തപുരം	7,37,842
കൊല്ലം	19,00,000
പത്തനംതിട്ട	5,92,731.60
ആലപ്പുഴ	11,38,900
കോട്ടയം	7,99,966
ഇടുക്കി	6,00,000
എറണാകുളം	15,85,000
തൃശ്ശൂർ	14,00,000
പാലക്കാട്	2,62,449
മലപ്പുറം	3,99,347
കോഴിക്കോട്	12,83,995.25
വയനാട്	86,880
കണ്ണൂർ	1,52,560
കാസർഗോഡ്	1,97,600
ആകെ	1,11,36,370.85

കൂടാതെ പുനരധിവാസ ഭവന നർമ്മാണ പദ്ധതിപ്രകാരം പഞ്ചായത്തു പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലുമായി ഭൂമി വിലയ്ക്കെടുക്കുന്നതിന് 60 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) പരിധിയൊന്നും കൽപ്പിച്ചിട്ടില്ലെങ്കിലും വില കൂടിയ ഭൂമി ഈ ആവശ്യത്തിനുവേണ്ടി വാങ്ങിക്കൂടാ എന്ന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മറുനാടൻ മലയാളികളെ ഉദ്ദേശിച്ച് ഭവനനിർമ്മാണ പദ്ധതി

* 229 [365] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. പി. രാമൻ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, കൊമ്പയിൽ അഹമ്മദ് ഹാജി:
,, കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻ മലയാളികളെ ഉദ്ദേശിച്ച് സ സ്ഥാന ഭവന നിർമ്മാണ ബോർഡ് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭവനങ്ങൾക്കുവേണ്ടി എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്;

(ഡി) അവ എവിടെയെല്ലാമാണെന്ന വ്യക്തമാക്കാമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) 301 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി, ഡി) തിരുവനന്തപുരത്ത് ഫ്ളാറ്റിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്കുവേണ്ടി ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പണ്ഡിറ്റ് കോളനി, പി.ടി.പി. നഗർ, പുന്നയ്ക്കൽത്തോപ്പ് രണ്ടാംഘട്ടം എന്നീ ഭവനനിർമ്മാണപദ്ധതികളിൽ 10%വും കൊച്ചിയിലെ കലൂർ ഭവനനിർമ്മാണ പദ്ധതിയിൽ 20%വും കണ്ണൂർ കേന്ദ്രത്തിൽ തോട്ടട ഭവനനിർമ്മാണപദ്ധതിയിൽ രണ്ടു വീടും റിസർവ്വ് ചെയ്തിട്ടുണ്ട്.

സർവ്വെ റിക്കാർഡിൽ രേഖയില്ലെന്ന പരാതി

* 230 [366] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയും സെറ്റിൽമെന്റും കഴിഞ്ഞ താലൂക്കുകളിൽ യഥാർത്ഥ അവകാശികളുടെ രേഖ സർവ്വെ റിക്കാർഡുകളിൽ പെടാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് അവസരം ഉണ്ടാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly